ദേശാഭിമാനി
Fri, 27 June 2025

# ആരോഗ്യ സർവകലാശാലയിൽ ലഹരിവിരുദ്ധ ദിനാചരണം



**ആരോഗ്യ സർവകലാശാലയിൽ ലഹരിവിരുദ്ധ ദിനാചരണം വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യുന്നു**

ദേശാഭിമാനി

**മുളങ്കുന്നത്തുകാവ്**

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ ലഹരി വിരുദ്ധ ദിനാചരണം വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി പി വിജയൻ അധ്യക്ഷനായി. രജിസ്ട്രാർ ഡോ. എസ് ഗോപകുമാർ, പരീക്ഷ കൺട്രോളർ ഡോ. എസ് അനിൽകുമാർ, എം എസ് സുധീർ, ഡോ. കെ എസ് ഷാജി, ഡോ. ആർ ബിനോജ്, ഡോ. ആർ ആശിഷ്, ഡോ. വി വി ഉണ്ണികൃഷ്ണൻ, ഡോ. വി എം ഇക്ബാൽ, ഡോ. സെബിന്ദ്കുമാർ എന്നിവർ സംസാരിച്ചു.

ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി രജിസ്ട്രാർ ഡോ. എസ് ഗോപകുമാർ രചിച്ച 'മതി എന്റെ മക്കളേ' എന്ന കവിതയുടെ ദൃശ്യാവിഷ്കാരം വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ പ്രകാശിപ്പിച്ചു. ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



ലഹരി വിരുദ്ധദിന പ്രചാരണങ്ങളുടെ ഭാഗമായി കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ നടന്ന റാലി വൈസ് ചാൻസലർ പ്രൊഫ: ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യുന്നു

# ഫ്ളാഷ് മോബും റാലിയും

തൃശ്ശൂർ : ലഹരി വിരുദ്ധദിന പ്രചാരണങ്ങളുടെ ഭാഗമായി കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ നടന്ന റാലി വൈസ് ചാൻസലർ പ്രൊഫ: ഡോ. മോഹനൻ കുന്നുമ്മൽ ഫ്ളാഗ് ഓഫ് ചെയ്തു.

പ്രൊഫ: ഡോ. എസ്. ഗോപകുമാർ, രജിസ്ട്രാർ, പ്രൊഫ: ഡോ. എസ്.അനിൽകുമാർ,

പരീക്ഷാ കൺട്രോളർ എം.എസ്.സുധീർ, ഫിനാൻസ് ഓഫീസർ, വിദ്യാർത്ഥി കാര്യ ഡീൻ ഡോ.ആർ. ആശിഷ് തുടങ്ങിയവർ സംസാരിച്ചു. യൂണിവേഴ്സിറ്റിയിൽ നിന്നും ആരംഭിച്ച റാലി അത്യാഹിത വിഭാഗം വഴി മെഡിക്കൽ കോളേജിന് മുമ്പിൽ സമാപിച്ചു. സമാപന സമ്മേളനത്തിൽ ഡോ. വി.എം.ഇക്ബാൽ സംസാരിച്ചു. തുടർന്ന് ദന്തൽ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന ഫ്ളാഷ് മോബ് നടത്തി.